ചെയ്തുകൊടുക്കാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തും. അവരുടെ നയങ്ങളും നടപടികളും കർഷകർക്ക് അനുകൂലമാക്കി മാറ്റാൻ ശ്രമിക്കുമെന്ന് ഈ സഭയിൽ ഉറപ്പു നൽകാനും ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: കേന്ദ്രത്തിന്റെ മുന്നിൽ നമുക്കുണ്ടായ കൃഷിനാശത്തിന്റെ കണക്കുകളെടുത്ത് മെമ്മോറാണ്ടം സമർപ്പിച്ചു. അതിനുമുമ്പ് വെള്ളപ്പൊക്കത്തിന്റെ കാര്യത്തിൽ മെമ്മോറാണ്ടം സമർപ്പിച്ചു. പല ചർച്ചകൾ നടത്തി. ഈ സഭയിൽ ചർച്ച ചെയ്തു. കേന്ദ്ര ഗവണ്മെന്റിൽനിന്നും എന്തെങ്കിലും സഹായം കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിതരണ നടപടികൾ എന്തായി എന്ന് പറയാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: കേന്ദ്ര ഗവണ്മെന്റിൽനിന്നും 106 കോടി രൂപ ഉല്പാദനോപാധികൾക്കായി ലഭിച്ചിട്ടുണ്ട്. കുരുമുളക്, കശുവണ്ടി എന്നിവയുടെ റീ-പ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപയും ലഭിച്ചിട്ടുണ്ട്. 50 കോടി രൂപ വരൾച്ചയുമായി ബന്ധപ്പെട്ട് കിട്ടിയിട്ടുണ്ട്. അങ്ങനെ ആകെ 186 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(2) കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ

ശ്രീ. കെ. മുഹമ്മദാലി: സർ, ഗതാഗതക്കുരുക്കിലും ഡെൻസിറ്റി ഓഫ് ട്രാഫിക്കിലും കൊച്ചി നഗരം വീർപ്പുമുട്ടുകയാണ്. പുതിയതായി വരുന്ന വൻകിട പ്രോജക്ടുകൾ ഗതാഗതക്കുരുക്ക് കൂടുതൽ ഗുരുതരമാക്കാനുള്ള സാദ്ധ്യതകൾ ഉണ്ടാക്കും. ദേശീയ പാത 47-ലാണെങ്കിൽ പാസഞ്ചർ കാർ യൂണിറ്റ് ഒരു ലക്ഷമായി വർദ്ധിച്ചു കഴിഞ്ഞു. ഒരു ലക്ഷം ആകുമ്പോൾ സ്വാഭാവികമായും 12 നിര ട്രാഫിക് ലൈൻ ഉണ്ടാകണം. ഇപ്പോൾ 4 നിര ട്രാഫിക് സൗകര്യം മാത്രമാണുള്ളത്. പ്രത്യേകിച്ച് കൊച്ചി-ചാലക്കുടി മേഖലയിൽ ഒരു ലക്ഷത്തിന് മുകളിൽ കടന്നുകൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരമെന്ന നിലയിൽ ദേശീയ പാത 47-ന്റെ വികസനവും അതുപോലെ ദേശീയ പാത 17-ന്റെ വികസനവും വളരെ ഗൗരവമായി ഏറ്റെടുക്കണം. കൊച്ചിയുടെ ഭാവി വികസനം കൂടി മുന്നിൽ കണ്ടുകൊണ്ടാണ് പല പുതിയ പദ്ധതികൾക്കും രൂപം നൽകിയിരിക്കുന്നത്. അതിലൊന്നാണ് സീ പോർട്ട്-എയർ പോർട്ട് റോഡ്. കളമശ്ശേരി മുതൽ കൊച്ചി എയർപോർട്ട് വരെയുള്ള നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ ഒച്ച് ഇഴയുന്നതുപോലെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി മുന്നോട്ടു കൊണ്ടുപോകുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇപ്പോൾ കൊച്ചിയിൽ വരാൻ പോകുന്ന എല്ലാ വികസനവുമായി ബന്ധപ്പെട്ടു കിടക്കുന്ന റോഡാണ് സീ പോർട്ട്-എയർ പോർട്ട് റോഡ്. ഇത് കൊച്ചിയുടെ ഗതാഗതക്കുരുക്ക് പരിഹരിക്കുക എന്ന ഉദ്ദേശത്തോടുകൂടി നിർദ്ദേശിക്കപ്പെട്ട പദ്ധതിയാണ്. ഭൂമി ഏറ്റെടുക്കലും ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിൽ ബ്രിഡ്ജസ് കോർപ്പറേഷൻ പണി നടത്തിയതുമൊക്കെ വളരെ നാളുകളായി ആരംഭിച്ചതാണ്. അത് പൂർണ്ണമായും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന നിലയിൽ ഇന്ന് രണ്ടുനിര ട്രാഫിക്കാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ അത് 4 നിര ട്രാഫിക്കാക്കി മാറ്റുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കൊച്ചിയെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം ഗതാഗതകുരുക്കിന് പരിഹാരം കാണുക എന്നുള്ളതാണ്. കൊച്ചി വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ കയ്യിലാണ് ഇപ്പോൾ ദേശീയ പാത 17-ഉം 47-ഉം. അനിവാര്യമായ രീതിയിൽ ജംഗ്ഷനുകളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിൽ മാത്രം ഒറ്റ ഫ്ളൈ ഓവറും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുത്തിട്ടില്ല. തമിഴ്നാട്ടുകാരനാണ് ആ വകുപ്പിന്റെ ചുമതല വഹിക്കുന്നയാൾ എന്നതുകൊണ്ട് വളരെയേറെ ആധുനിക രീതിയിലുള്ള ഫ്ളൈ ഓവറുകൾ തമിഴ്നാട്ടിൽ ഏറ്റെടുത്തു. ദേശീയപാത 17-ഉം ദേശീയപാത 47-ഉം ബന്ധപ്പെടുന്ന പ്രധാനപ്പെട്ട സ്ഥലമാണ് ഇടപ്പിള്ളി ഭാഗം. ഇടപ്പിള്ളി ഓവർ ബ്രിഡ്ജിന്റെ പണി കഴിഞ്ഞാൽ ദേശീയ പാത 47-ഉം 17-ഉം ആയി വലിയ ഒരു ട്രാഫിക് കൊളാപ്സുണ്ടാകാൻ പോകുന്ന സ്ഥലമായി മാറും. അവിടെ അടിയന്തിരമായി ആധുനിക രീതിയിലുള്ള ഫ്ളൈ ഓവർ നിർമ്മാണം ഏറ്റെടുക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയെ നിർബന്ധിക്കാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാകണം. ദേശീയപാത 47-ഉം 49-ഉം ആയി ബന്ധിക്കുന്ന വെണ്ടുരുത്തി ഐലന്റിൽ നിന്നുള്ള പാതയിൽ കുണ്ടന്നൂരിൽ ഫ്ളൈ ഓവർ നിർമ്മിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയെക്കൊണ്ട്, അത് ഏറ്റെടുത്ത് നടത്തിക്കാൻ ഗവണ്മെന്റ് മുന്നോട്ടു വരികയെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് വളരെ വേഗത്തിൽ ആരംഭിച്ചാൽ മാത്രമേ നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. കൊച്ചിയിൽ നടക്കുന്ന വൻകിട വികസന പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ ഈ പദ്ധതികൾ ഏറ്റെടുക്കണം. കൊച്ചിയുടെ ഗതാഗതപ്രശ്നങ്ങളാൽ ഇന്ന് ജനങ്ങൾ വീർപ്പുമുട്ടുകയാണ്. പീക് ടൈമിൽ കൊച്ചിയിൽ പ്രവേശിക്കാൻ കഴിയില്ല. വളരെ ഗൗരവതരമായ സ്ഥിതിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതിന് അടിയന്തിര പ്രാധാന്യം നൽകണം. തൊട്ടടുത്ത സംസ്ഥാനങ്ങൾ, ബാംഗ്ലൂർ ആയാലും ചെന്നൈ ആയാലും ഹൈദ്രാബാദായാലും ഇതുപോലെയുള്ള പ്രശ്നങ്ങൾ നിശ്ചിത സമയത്തിനകത്ത് പൂർത്തിയാക്കാൻ കേന്ദ്ര ഗവണ്മെന്റ് സഹായം ഉപയോഗപ്പെടുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്ത് അതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവണ്മെന്റും ഇക്കാര്യത്തിൽ വളരെ താൽപര്യം എടുത്ത് ഞാൻ പറഞ്ഞ രണ്ടു പദ്ധതികളും നിശ്ചിത സമയത്തിനകം പൂർത്തിയാക്കാനാവശ്യമായ ശ്രമങ്ങളുമായി മുന്നോട്ടു പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. എം. കെ. മുനീർ): ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. പ്രത്യേകിച്ച് കൊച്ചി എല്ലാ അർത്ഥത്തിലും സജീവമായ ഒരു കേന്ദ്രമാകാൻ പോകുകയാണ്. പ്രത്യേകിച്ച് സബ്മറൈൻ കേബ്ളിംഗ് ഇൻഡ്യയിൽ വന്ന സ്ഥലങ്ങളിൽ ഒന്ന് കൊച്ചിയും ഒന്ന് മുംബൈയുമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ ഹബ് ആയി കൊച്ചി മാറാൻ പോകുകയാണ്. കാരണം ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ടിട്ടുള്ള ഹ്യൂമൻ റിസോഴ്സസ് ഏറ്റവും കൂടുതലുള്ള പ്രദേശം എന്നുള്ള നിലയിൽ എല്ലാപേരുടേയും ശ്രദ്ധ കേന്ദ്രീകരിക്കാൻ പോകുന്ന ഒരു പ്രദേശമായി കൊച്ചി മാറാൻ പോകുന്നു. അതിന് മുമ്പ് ടൂറിസം വികസനവുമെല്ലാം പരിഗണിക്കുമ്പോൾ കൊച്ചിയുടെ ഗതാഗതക്കുരുക്ക് വരുംനാളുകളിൽ പതിന്മടങ്ങ് വർദ്ധിക്കാനുള്ള സാദ്ധ്യതകളാണുള്ളത്. ഇന്നത്തെ അടിസ്ഥാന സൗകര്യങ്ങൾ ഇതെല്ലാം ഉൾക്കൊള്ളുന്നതിന് അപര്യാപ്തമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കൊച്ചിയിൽനിന്നും തൃശൂർ

LIBRARY ARCHIVES Kerala Legislative Assembly

ത്തുമ്പോഴേയ്ക്കും അറിടെയുള്ള പാസ്സഞ്ചർകാർ യൂണിറ്റ് ഒരു ലക്ഷത്തിന് കളിലാണ്. യഥാർത്ഥത്തിൽ 25,000-നും 30,000-നും ഇടയിൽ 4 ലൈൻ ആകേണ്ട ണ്. 50000-ന് മുകളിൽ 6 ലൈനും 70000-ന് മുകളിൽ 8 ലൈനും ആകേണ്ടതാണ്. ആ നിയിൽ ഇപ്പോൾ ഉൾക്കൊള്ളാൻ കഴിയാത്ത വാഹനപ്പെരുപ്പമാണ് ആ മേഖലയിൽ ണാൻ സാധിക്കുന്നത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വരുന്നതോടുകൂടി നമുക്ക് ത്തിക്കാൻ കഴിയാത്തവണ്ണം ചിലപ്പോൾ ആ പ്രദേശം മുഴുവനും പാർക്കിംഗ് ലോട്ടായി ാനുള്ള സാദ്ധ്യത കാണുന്നുണ്ട്. ആ രീതിയിൽ വളരെ ഗൗരവത്തിൽത്തന്നെയാണ് ണ്മെന്റ് ഇക്കാര്യത്തെ കാണുന്നത്. ദേശീയപാത വിഭാഗത്തിൽപ്പെട്ട ഇടപ്പള്ളി, വൈറ്റില, ണ്ടന്നൂർ എന്നീ ഭാഗങ്ങൾ ഇപ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ എൻ. എച്ച്. എ. ഐ. ടെ നിയന്ത്രണത്തിലാണ്. കാരണം ദേശീയപാത 17-ഉം 47-ഉം പൂർണ്ണമായും ാർ ലൈൻ ആക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ എൻ. എച്ച്. എ. ഐ.-യെ ൽപ്പിച്ചിരിക്കുകയാണ്. അതുപോലെതന്നെ ഗോൾഡൻ കാഡ്രിലാറ്ററൽ സേലം കൊച്ചി പെർ എന്നുപറയുന്നത് ഇപ്പോൾ പണി നടത്തിക്കൊണ്ടിരിക്കുന്ന ദേശീയപാത യതുകൊണ്ടും എൻ. എച്ച്. എ. ഐ-യാണ് ഇതിൽ ഫ്ളൈ ഓവറിന്റെ കാര്യങ്ങൾ ായ്യേണ്ടത്. പക്ഷേ ഇതുസംബന്ധിച്ച് ഗവൺമെന്റ് എൻ. എച്ച്. എ. ഐ. യുമായി സംസാരിച്ചപ്പോൾ വിശദമായ പഠനം നടത്തിയതിനുശേഷം അവിടെ ഫ്ളൈ ഓവർ ർമ്മിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കാമെന്ന് എൻ. എച്ച്. എ. ഐ. പടി നൽകിയിട്ടുണ്ട്. പക്ഷേ ഇതിന്റെ ഗൗരവാവസ്ഥ പരിഗണിച്ചുകൊണ്ട് ൻ. എച്ച്. എ. ഐ.-യുടെ ഉദ്യോഗസ്ഥരേയും ബഹുമാനപ്പെട്ട ജനപ്രതിനിധിക യുമൊക്കെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ഉന്നതതല യോഗം വരുന്ന ഏതാനും വസങ്ങൾക്കുള്ളിൽ തന്നെ വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്ന കാര്യം ഇവിടെ റിയിക്കുകയാണ്. മാത്രമല്ല ഇതുസംബന്ധിച്ച് കേന്ദ്രത്തിലെ മന്ത്രിയുമായിട്ട് സംസാരിച്ച് വിടുത്തെ ഗൗരവാവസ്ഥ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി കൊടുക്കണം. അദ്ദേഹം ന്നയാണ് വല്ലാർപ്പാടം കണ്ടെയിനർ ടെർമിനലിന്റെയും ഉത്തരവാദിത്തമുള്ള മന്ത്രി. ആ ലയിൽ ഇവിടെ വർദ്ധിച്ച് വരാൻ സാദ്ധ്യതയുള്ള ട്രാഫിക്കിനെക്കുറിച്ചും അദ്ദേഹത്തിന് ല്ല ബോദ്ധ്യമുണ്ട്. അതുകൊണ്ട് ഇക്കാര്യം നമുക്ക് ഗൗരവമായി അദ്ദേഹത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സാധിക്കും. അത് നമുക്ക് അനുവദിച്ചുകിട്ടുമെന്ന ശുഭാപ്തിവിശ്വാസം ന്നയാണ് ഗവൺമെന്റിനുള്ളത്. എയർപോർട്ട്-സീപോർട്ട് റോഡിന്റെ ആദ്യഘട്ടം ഞങ്ങൾ ന്തം നിലയ്ക്ക് തന്നെ എടുത്ത് പൂർത്തീകരിച്ചിട്ടുള്ളതാണ്. പക്ഷേ അതിനപ്പുറത്തേക്കുള്ള ഥലമെടുപ്പും അതിന് വേണ്ടി വരുന്ന തുകയും വലുതായതുകൊണ്ട് അതിൽ പെറിയൊരു ാലതാമസമുണ്ടായി. പക്ഷേ ഇപ്പോൾ ലാൻഡ് അക്വിസിഷൻ നടപടികൾ രിതപ്പെടുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രിയുമായി ഇടപെട്ട് അത് ഫാസ്റ്റ് ട്രാക്കിലേക്ക് റ്റിയിട്ടുണ്ട്. അതുകൊണ്ട് സ്ഥലമെടുപ്പ് പെട്ടെന്ന് പൂർത്തീകരിച്ചാൽ ഏതെങ്കിലും ഒരു ജൻസിയെക്കൊണ്ട് മൊത്തമായി, പീസ്മീലായി ചെയ്യുന്നതിന് പകരം നബാർഡിൽനിന്നോ ല്ലെങ്കിൽ മറ്റ് വായ്പാ ഏജൻസികളിൽ നിന്നോ സി. ആർ. എഫ്.-ലൊക്കെ ശുപാർശ യ്തുകൊണ്ട് സമയബന്ധിതമായി പെട്ടെന്ന് തന്നെ അത് പൂർത്തീകരിക്കാം. വല്ലാർപാടം ണ്ടെയിനർ ടെർമിനലിന്റെ വരവോടുകൂടി കേന്ദ്ര ഗവൺമെന്റും ഇവിടുത്തെ അടിസ്ഥാന ൗകര്യങ്ങൾ കൂടുതലായി വികസിപ്പിക്കാതെ ഇക്കാര്യം ചെയ്യാൻ സാധിക്കില്ലെന്ന് ചിപ്പിച്ചിട്ടുള്ളതുകൊണ്ട് ആ കാര്യവും ഗൗരവമായി പരിഗണിക്കും. തോട്ടമുഖത്തെ

LIBRARY ARCHIVES Kerala Legislative Assembly

വലിയപാലത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം അറിയിക്കാൻ ഈ സമയം വിനിയോഗിക്കുകയാണ്. എക്സ്പ്ര ഹൈവേയുടെ കാര്യം പറഞ്ഞപ്പോൾ, പുച്ഛിച്ചു കളയുകയും അതിന് പല തരത്തിലുള്ള വിമർശനങ്ങൾ വരികയുമുണ്ടായി. ഇത്തരത്തിലുള്ള ഗതാഗത പ്രശ്നം പരിഹരിക്കു എന്നുള്ള ഉദ്ദേശത്തിലാണ് ആ പദ്ധതിക്ക് രൂപം കൊടുത്തത്. മറ്റ് ദുരുദ്ദേശങ്ങളൊന മില്ലായിരുന്നു. പക്ഷേ ഇപ്പോൾ എന്തുതന്നെ വന്നാലും കൊച്ചിക്കും തൃശ്ശൂരിനുമിടയി സമാന്തരമായിട്ടുള്ള മറ്റൊരു പാത വരേണ്ടി വരുമെന്നുള്ള ചിന്ത കൂടി ഇവിട ബന്ധപ്പെട്ടവരുടെ മുന്നിൽ വച്ചുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് പരമാവധി കാര്യങ്ങ ചെയ്യുമെന്ന് മാത്രം സൂചിപ്പിക്കുന്നു. അംഗത്തിന്റെ ആവശ്യം പരിഗണിച്ച് ഒരു യോഗ എത്രയും പെട്ടെന്ന് വിളിച്ചുകൂട്ടുന്നതാണെന്ന് അറിയിക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി: സീപോർട്ട്-എയർപോർട്ടിന്റെ പ്രാധാന്യം ബഹുമാനപ്പെ മന്ത്രി ഇവിടെ പരാമർശിക്കുകയുണ്ടായി. സീപോർട്ട്-എയർപോർട്ടിൽ കളമശ്ശേരി വരെയുള്ള പാത ബ്രിഡ്ജസ് കോർപ്പറേഷൻ പൂർത്തിയാക്കി. അവിടെ നിന്നുള്ള അക്വിസിഷ നടപടികൾ വളരെ സ്ലോ ആയിട്ടാണ് പോയത്. ഏതായാലും ഇപ്പോൾ ഫാസ്റ്റ് ട്രാ പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എന്നുപറഞ്ഞപ്പോൾ വളരെയേറെ സന്തോഷമുണ പക്ഷേ അതോടൊപ്പം തന്നെ അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട പെരിയാറിന് കുറുകെയുള്ള പാലം, ആ പാലത്തിന് ഈ ഭൂമി ഏറ്റെടുക്കുന്നതോടൊപ്പം തന്നെ അതിന ഇൻവെസ്റ്റിഗേഷൻ മാത്രമല്ല അതിന് അനുമതി നൽകി പാലത്തിന്റെ പണി ആരംഭിക്കുവാ ശ്രമിക്കുകയാണെങ്കിൽ ഈ റോഡ് യാഥാർത്ഥ്യമാകുന്നതിന്റെ കാലതാമസം വള കുറയ്ക്കാൻ കഴിയും. ആ കാര്യത്തിൽ ഗവൺമെന്റ് താൽപ്പര്യമെടുക്കുമോ?

ശ്രീ. എം. കെ. മുനീർ: തീർച്ചയായും. പെട്ടെന്ന് തന്നെ അഡ്മിനിസ്ട്രേറ്റീ സാംഗ്ഷൻ നൽകാനുള്ള നടപടികളും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) ആലപ്പുഴ ബോട്ട് ജെട്ടി മാറ്റി സ്ഥാപിക്കാനുള്ള നീക്കം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ആലപ്പുഴ ജില്ലയിലെ ഏതാണ്ട് 125 വർഷം പഴക്കമുള്ള ആലപ്പുഴ ബോട്ടു ജെട്ടി അവിടെ നിന്ന് മാ സ്ഥാപിക്കുന്നതിനുള്ള നീക്കം നടക്കുന്നതായി മനസ്സിലാക്കുന്നു. രാജാ കേശവദാസ രൂപകൽപ്പന നൽകിയ ആലപ്പുഴ പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് ശ്രീചിത്തിരതിരുനാ മഹാരാജാവ് സ്ഥാപിച്ച ഒരു ബോട്ടുജെട്ടിയാണ്. നിലവിലുള്ള മനോഹരമായ ബോട്ടുജെ മാറ്റുക എന്നുള്ള ആലോചന എന്നുപറയുന്നത് അവിടുത്തെ ജനങ്ങളുടെ അതിശക്തമാ രോഷത്തിനും പ്രതിഷേധത്തിനും ഇടയാക്കിയിരിക്കുകയാണ്. നിസോർട്ട് ഉടമകളുടെയ ഹൗസ് ബോട്ട് ഉടമകളുടെയും താൽപ്പര്യത്തിന് വേണ്ടിയുള്ള ഒരു നീക്കമാണ് ഇതിന പുറകിലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആലപ്പുഴ പട്ടണത്തിൽ ട്രാൻസ്പോർ ബസ്സ്റ്റേഷന്റെ സമീപം 24 ലക്ഷം രൂപ മുടക്കി ഗവൺമെന്റ് ആരംഭിച്ച ആ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly